(ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പ്രധാന കുളങ്ങളായ ബളാൽ പഞ്ചായത്തിലെ വലിയ പുഞ്ച, കള്ളാർ പഞ്ചായത്തിലെ ചേറ്റ്ക്കല്ല് പൊതുകുളം, മടിക്കൈ പഞ്ചായത്തിലെ കണ്ണോത്ത് വയൽ ചുള്ളിമൂലക്കുളം, കോടോം ബേളൂർ പഞ്ചായത്തിലെ എരുമക്കുളം, അജാനൂർ പഞ്ചായത്തിലെ ചോരിവയൽക്കുളം, കിനാനൂർ കരിന്തളം പഞ്ചായത്തിലെ ചെറുവ എന്നിവ നവീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന്
വിശദീ കരിക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി.
2. 13-ാം ധനകാര്യ കമ്മീഷൻ വഴിയുള്ള പദ്ധതികൾ
3. സംസ്ഥാനത്തെ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുള്ള പദ്ധതികൾ
4. നബാർഡിന്റെ സഹായത്തോടെയുള്ള കുളങ്ങളുടെ നവീകരണം
5. കേന്ദ്രസർക്കാരിന്റെ ആർ.ആർ.ആർ. പദ്ധതി

(ബി&സി) കുളങ്ങളുടെ നവീകരണത്തിനായി സർക്കാരിൽ ലഭിച്ച ലിസ്റ്റിൽ ഭരണാനുമതി നൽകിയവയും ഉൾപ്പെട്ടിരുന്നതിനാൽ പുതുക്കിയ ലിസ്റ്റ് നൽകുവാൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ ലിസ്റ്റ് ലഭ്യമായാലുടൻ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

165 (3599) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നബാർഡ് ആർ.ഐ.ഡി.എഫ്. XVI-ന്റെ സഹായത്തോടെ 17-6-2014-ൽ പണി ആരംഭിക്കുകയും 75 ശതമാനത്തോളം പണി പൂർത്തിയാക്കിയിട്ടുള്ളതുമാണ്. പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മെക്കാനിക്കൽ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കുകളുടെ പണി ടെണ്ടർ ചെയ്യേണ്ടതുണ്ട്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മേജർ ഇറിഗേഷൻ പദ്ധതികൾ

166 (3600) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ ഇറിഗേഷൻ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണ് അവയുടെ സാമ്പത്തികവർഷം തിരിച്ച് പ്രവൃത്തികളുടെ ഭരണാനുമതികളുടെ ഉത്തരവ് സഹിതം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്ത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികൾമൂലം സർക്കാരിനും പൊതുജനങ്ങൾക്കും ലഭിച്ചിട്ടുള്ളതും, ലഭിക്കേണ്ടതും ലഭിക്കുന്നതുമായ പ്രയോജനങ്ങൾ എന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേജർ ഇറിഗേഷൻ വകുപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ (സാമ്പത്തിക വർഷം തിരിച്ച്), പ്രവൃത്തികളുടെ ഭരണാനുമതികളുടെ ഉത്തരവ്, അവയുടെ നിലവിലെ സ്ഥിതി, ഈ പദ്ധതികൾമൂലം സർക്കാരിനും പൊതുജനങ്ങൾക്കും ലഭിച്ചിട്ടുള്ളതും, ലഭിക്കേണ്ടതും ലഭിക്കുന്നതുമായ പ്രയോജനങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly